# AKPCTA

# Kerala Private College Teacher

**1983 March**

മാർച്ച് 14 ന് സെക്രട്ടേറിയററിനു മുമ്പിൽ നടന്ന ധർണ
സമരസമിതി ചെയർമാൻ പ്രൊഫ. ആർ. ആർ. സി. നായർ ഉത്ഘാടനം ചെയ്യുന്നു.



കേരള
പ്രൈവററ് കോളേജ് ടീച്ചർ

അഖില കേരള
പ്രൈവററ് കോളേജ്
അദ്ധ്യാപക സംഘടനയുടെ
മുഖപത്രം

നമ്പർ : 43

മാർച്ച് 1983

വില :

ഒററപ്രതി–1 രൂപ
വാർഷിക വരിസംഖ്യ- 10 രൂപ

പത്രാധിപ സമിതി :

എം. ആർ. ചന്ദ്രശേഖരൻ
(ചെയർമാൻ)
എൻ. എം. ജോസഫ്
എം. കെ. ചിണ്ടൻകുട്ടി
തോളൂർ ശശിധരൻ
കെ. കെ. രാമകൃഷ്ണൻ
ടി. ഗോപാലകൃഷ്ണൻ
വി. നാരായണൻകുട്ടി
വി. എൻ. മുരളി
(ചീഫ് എഡിററർ)

## അവശ്യ സർവ്വീസ് സംരക്ഷണ ഓർഡിനൻസിനെതിരെ പ്രതിഷേധിക്കുക

സംഘടനാ സ്വാതന്ത്ര്യത്തേയും ജനാധിപത്യാവകാശങ്ങളേയും അപ്പാടെ നിഷേധിച്ചുകൊണ്ടുള്ള ഏററവും വലിയൊരു കരിനിയമം കേരള സർക്കാർ കൊണ്ടുവന്നിരിക്കുന്നു—അവശ്യ സർവ്വീസ് സംരക്ഷണ ഓർഡിനൻസ്. ഇതുവഴി ഏതു തുറയിലും സർക്കാരിന് പണിമുടക്ക് നിരോധിക്കാം. ഒരു ഗസററഡ് വിജ്ഞാപനം വഴി ഏതു സർവ്വീസും അവശ്യ സർവ്വീസായി പ്രഖ്യാപിക്കാം, അവിടെ പണിമുടക്ക് നിരോധിക്കുകയും ചെയ്യാം. പണിമുടക്കിയാൽ ആയിരം രൂപ പിഴയോ ആറുമാസം ജയിൽ വാസമോ രണ്ടുംകൂടിയോ ശിക്ഷിക്കാം. പണിമുടക്കിന് പ്രേരിപ്പിക്കുന്നവർക്ക് ആയിരം രൂപാ പിഴയോ ഒരുവർഷം ജയിൽത്തടവോ ശിക്ഷ നൽകാം.

ഈ കിരാത നിയമത്തിനെതിരെ പ്രതിഷേധിക്കുക

## 20,000 അധ്യാപകരുടെ പാർലമെൻറ് മാർച്ച്

''ഹോസ്പിററൽസ് ആൻറ് അദർ ഇൻസ്ററിറ്റ്യൂഷൻസ്'' ബില്ലിൽ പ്രതിഷേധിച്ചുകൊണ്ട് ഏപ്രിൽ 19 ന് ഇരുപതിനായിരം സ്ക്കൂൾ—കോളേജ്—സർവ്വകലാശാലാ അധ്യാപകർ പങ്കെടുക്കുന്ന പാർലമെൻറ് മാർച്ച് നടക്കുന്നതാണ്. അഖിലേന്ത്യാ അധ്യാപക സംഘടനകളുടെ ദേശീയ കോ–ഓർഡിനേഷൻ കമ്മിററിയാണ് മാർച്ചിന് ആഹ്വാനം ചെയ്തിരിക്കുന്നത്.

## കൺവൻഷൻ സ്പെഷ്യൽ

എ. കെ. പി. സി. ടി. എ. 12–ാം കൺവൻഷനോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സ്പെഷ്യൽ അംഗങ്ങൾക്ക് പത്തു രൂപാ വിലയ്ക്ക് നൽകുന്നതാണ്. ആവശ്യമുള്ളവർ എഴുതുക :—

Chief Editor
Vasantham
Kesavadasapuram
Trivandrum-4

# ഗവൺമെൻറ് തീരുമാനം

എം. ആർ. സി.

ചിരകാല പ്രതീക്ഷിതമായ നോൺ കാഡർ ഒന്നാം ഗ്രേഡ് പ്രൊഫസ്സർ തസ്തിക കോളേജധ്യാപകർക്ക് ലഭിക്കുകയായി. അതിൽ നമുക്ക് സന്തോഷിക്കാം. എന്നാൽ, അതിൻെറ ഒപ്പം വരേണ്ടതായ ജൂനിയർ ലക്ചറർ തസ്തികയുടെ തിരസ്കാരം ഉണ്ടായില്ല. ഗവർമ്മേണ്ട് ഒരൊററ സംഗതിയെ രണ്ടായിപ്പിരിച്ച് ഒന്നിൻമേൽ മാത്രം അനുകൂലമായി തീരുമാനമെടുക്കുകയാണുണ്ടായത്. അതിൻെറ മറെറപ്പാതിയായ ജൂനിയർ ലക്ചറർ പ്രശ്നത്തിൽ സത്വരമായ തീരുമാനമുണ്ടാവുമെന്നാണ് വാഗ്ദാനം. 1983 മാർച്ച് 23-ാം തീയതി നടന്ന കൂടിയാലോചനയിൽ മുഖ്യമന്ത്രി ആവർത്തിച്ചു പറഞ്ഞ ഒരു സംഗതി, കോളേജധ്യാപകരുടെ ആവശ്യങ്ങളിൻമേൽ ഘട്ടം ഘട്ടമായി തീരുമാനം ഉണ്ടാവുമെന്നുള്ളതാണ്. ജൂനിയർ ലക്ചറർ തസ്തിക റദ്ദാക്കലും ഒന്നാം ഗ്രേഡ് നോൺകാഡർ പ്രൊഫസർ തസ്തിക നിർമ്മിക്കലും രണ്ടും ചേർന്ന ഒരേ ഒരാവശ്യമാണെന്നും, രണ്ടും അഭിന്നമാണെന്നും, രണ്ടിലൊന്നായി തീരുമാനമെടുക്കുന്നത് അനുചിതമാണെന്നും, യു. ജി. സി. ശമ്പളസ്കെയിൽ ഉടൻ നടപ്പാക്കാത്ത സാഹചര്യത്തിൽ, അതിനുപകരമായി ഗവർമ്മേണ്ട് ഭാഗത്തുനിന്ന് തന്നെ നിർദ്ദേശിച്ചിട്ടുള്ള - വാഗ്ദാനം ചെയ്യപ്പെട്ട ഇരട്ട ആനുകൂല്യം രണ്ടായിപ്പിരിയുന്നത് അചിന്ത്യമാണെന്നും അസ്വീകാര്യമാണെന്നും അധ്യാപക പ്രതിനിധികൾ ശക്തിയുക്തം വാദിച്ചു സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ, ഒന്നേഅനുവദിക്കൂ എന്ന കടുംപിടിത്തം ഗവർമ്മേണ്ട് ഭാഗത്തുനിന്നുണ്ടായി - അതേതാണെന്ന് തങ്ങൾ തീരുമാനിച്ചുകൊള്ളുമെന്നും. 1981 ലെ അധ്യാപകപ്പണിമുടക്കവുമായി ബന്ധപ്പെട്ട ഒത്തു തീർപ്പ് വ്യവസ്ഥകളിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ സംഗതികളിലും പൂർണ്ണമായ തീരുമാനമുണ്ടാകണമെന്നുള്ളതായിരുന്നു ധമ്മുടെ ആവശ്യം. അതു സംബന്ധിച്ച് ഒരു അക്കാദമിക വർഷം നീണ്ട പ്രക്ഷോഭണം നാം നടത്തി. നിവേദനങ്ങൾ, കൂടിയാലോചനകൾ, സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ, സത്യാഗ്രഹം, പ്രകടനം എന്നിങ്ങനെയുള്ള പ്രക്ഷോഭണ പ്രവർത്തനങ്ങൾ; ഫെബ്രുവരി 16ന് ഒരു പണിമുടക്കായി തുറന്നപ്രത്യക്ഷ നടപടിയിൽ എത്തേണ്ടതായിരുന്നു. എന്നാൽ, ഗവർമ്മേണ്ട് വളരെ വൈകിയിട്ടാണെങ്കിലും, പ്രശ്നങ്ങൾ ആലോചിച്ചു തീരുമാനിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച നിലയിൽ പണിമുടക്ക് 16ന് തുടങ്ങാതെ നീട്ടിവയ്ക്കുകയാണുണ്ടായത്. 23 ൻെറ ആലോചനകൾക്ക് ശേഷം. 24 നു തന്നെ ഗവർമ്മേണ്ട് നോൺ കാഡർ ഒന്നാം ഗ്രേഡ് കാര്യത്തിൽ തീരുമാനമെടുത്തു. മററുകാര്യങ്ങളിൽ, പുറകെ തീരുമാനമുണ്ടാകുമെന്ന ഉറപ്പുകൂടിയുള്ള നിലയിൽ പണിമുടക്ക് നീട്ടിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് നമ്മുടെ നയം KEEP THE POWDER DRY എന്നതു തന്നെയാണ്. ഒരാനുകൂല്യംകൊണ്ട്, മററെല്ലാം നിഷേധിക്കാമെന്ന് ഗവർമ്മേണ്ട് കരുതേണ്ട. നിരന്തരമായ പ്രക്ഷോഭത്തിലൂടെയും സമരത്തിലൂടെയും അധ്യാപകരുടെ എല്ലാ ആവശ്യങ്ങളും നാം നേടിയെടുക്കുമെന്ന് നമുക്ക് ദൃഢപ്രതിജ്ഞചെയ്യുക. ഘട്ടം ഘട്ടമായി കാര്യങ്ങൾ ചെയ്യാമെന്നുള്ള ഗവർമ്മേണ്ടിൻെറ ഉറപ്പ് പാലിക്കപ്പെടുമെന്ന് വിശ്വസിക്കുന്നതിൽ തെററില്ല. നാം കൂടെക്കൂടെ ഗവർമ്മേണ്ടിനെ അക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണം. സർവ്വോപരി അധ്യാപകരുടെ നേട്ടവും വിജയവും അധ്യാപകരുടെ സംഘടനാബലവും, സമരസന്നദ്ധതയും അവകാശങ്ങളെപ്പററിയുള്ള ബോധവും എന്നിവകളെ ആസ്പദിച്ചാണു നിൽക്കുന്നതെന്ന് കരുതുക. അതു കരുതി ജാഗ്രതയോടെ സംഘടനാപ്രവർത്തനം മുന്നോട്ടുകൊണ്ടുപോവുക. കോളേജധ്യാപകരുടെ അവകാശങ്ങളെ നിഷേധിക്കാൻ യാതൊരു ശക്തിയ്ക്കും കഴിയില്ല.

## എന്തിന് ഒരു സ്ക്രീനിംഗ്

ഒന്നാം ഗ്രേഡ് നോൺകാഡർ പ്രൊഫസ്സർ തസ്തിക അനുവദിച്ചുകൊണ്ടുള്ള ഗവർമെ

ണ്ടു കല്പനയിൽ ഒരു സ്ക്രീനിംഗ് കമ്മിററിയെപ്പററിപറഞ്ഞിരിക്കുന്നു. 'Nomination to non-carder Ist Grade professorship shall be made after clearnce by a Sreening committee to be constituted for the purpose' എന്നാണ് കല്പനയിൽ കാണുന്നത്? ഇതു എന്തുവകയ്ക്കുള്ളതാണെന്ന് മനസ്സിലായില്ല. കോളേജധ്യാപകരുടെ മേൽ എന്തിന് ഒരു പുതിയ ചങ്ങല കെട്ടി? 20 കൊല്ലത്തെ സർവ്വീസ്സാണ് കോളേജധ്യാപകർക്ക് ഒന്നാം ഗ്രേഡ് നൽകുന്നത്, അതു നോക്കാൻ ഒരു പുതിയ ഏജൻസിയുടെ ആവശ്യമെന്ത്? ഇപ്പോൾ രണ്ടാം ഗ്രേഡ് നോൺ കാഡർ നിശ്ചയിക്കുന്ന നടപടി ക്രമത്തിൽ ഒന്നാം ഗ്രേഡും പോകില്ലേ? 'സ്ക്രീനിംഗ് കമ്മിററി', 'ക്ലിയറൻസ്' എന്നൊക്കെ കേൾക്കുമ്പോൾ അന്ധാളിപ്പുണ്ടാകുന്നു. ചെയ്യുന്നത് അന്തസ്സായി, അഴകായിചെയ്യാൻ മനസ്സുണ്ടാകണം ഗവർമെണ്ടിന്. അധ്യാപകരിൽ ഒരൊററ ആൾക്കെങ്കിലും ക്ലേശിച്ചു സമ്പാദിച്ച ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടാൽ അധ്യാപകസമുദായം പൊറുക്കുകയില്ല! അനാവശ്യമായ കാലവിളംബമുണ്ടാക്കാൻ ഇത് കാരണമാകുമോ എന്ന ഭയവുമുണ്ട്. സാധാരണ കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടാൻ എത്രയോ ഉദ്യോഗസ്ഥകടമ്പകൾ ഇപ്പോഴേ കടക്കണം. കടമ്പകളുടെ എണ്ണം കൂട്ടുന്നത് നല്ലതിനല്ല. കൊളീജിയററ് വകുപ്പിലും യൂണിവേഴ്സിററിയിലും ഇരിക്കുന്ന ഉദ്യോഗസ്ഥന്മർ എല്ലായ്പോഴും തങ്ങൾ എടുത്തു പെരുമാറുന്ന കടലാസ്സുകൾ ചില മനുഷ്യകാര്യങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് ഓർക്കാറില്ല. ഡയറക്ട്പെമെൻറ് തീർച്ചയായും സ്വകാര്യകോളേജധ്യാപകർക്ക് ഒരനുഗ്രഹമാണ്. എന്നാൽ, കൊളീജിയററ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്സ്, അവരുടെ അനുഭവത്തിൽ, അലിവുള്ള മനുഷ്യരുടെ ഒരു സങ്കേതമല്ല. പ്രൈവററ് കോളേജധ്യാപകരുടെ നാമധേയത്തിലാണ് തങ്ങൾ ലാവണവും പ്രൊമോഷനും നേടിയിരിക്കുന്നതെന്ന് ഡെപ്യൂട്ടിഡയറക്ടർ ആപ്പീസുകാർ കരുതുന്നില്ല. പുതിയ സ്ക്രീനിംഗ് കമ്മിററി ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്സിന്റെ മറെറാരു പതിപ്പായാലോ? ഗവർമെണ്ട് ഒരു നല്ല കാര്യം ചെയ്തിട്ട് അത് ഒരു കുരുക്കാക്കരുതെന്നേ പറയാനുള്ളു: ദാഹജലം നൽകുന്നത് നഞ്ഞുചേർത്തിട്ടാകരുതല്ലോ.

## ചില നീക്കുപോക്കുകൾ

ഒന്നും രണ്ടും നോൺ കാഡർ പ്രൊഫസ്സർ തസ്തിക വന്നതിന്റെ ഭാഗമായി ഗവർമെണ്ട് ചെയ്യുന്ന ചില നീക്കുപോക്കുകളെപ്പററിയാണ് പറയുന്നത്. രണ്ടാം ഗ്രേഡ് നോൺ കാഡർ തസ്തികക്ക് ഇപ്പോൾ 13 കൊല്ലത്തെ കൊളീജിയററ് സർവ്വീസ് ഉണ്ടായാൽ മതി. ജൂനിയർ ലക്ചറർ തസ്തിക ഉൾപ്പെടെയുള്ള മുഴുവൻ സർവ്വീസും പരിഗണിച്ച് നോൺകാഡർ തസ്തിക അനുവദിക്കുന്ന ഗവർമെണ്ട് കല്പനയ്ക്ക് ഗവൺമെൻറ് 1—7-1979 മുതൽക്ക് മുൻകാല പ്രാബല്യം നൽകി. ട്യൂട്ടർ ഡെമോൺസ്ട്രേററർ; ജൂനിയർ ലക്ചറർ സർവ്വീസ് മുഴുവൻ നോൺകാഡർ പ്രൊമോഷന് പരിഗണിക്കുന്ന സ്ഥിതിയിൽ ഉയർന്നുവന്നിട്ടുള്ള ഒരു പുതിയ പ്രശ്നമാണ്, അധ്യാപകർ അവരുടെ വിദ്യാഭ്യാസ യോഗ്യത ഉയർത്താനായി കോളേജുകളിൽ പഠിച്ച കാലത്തെ സർവ്വീസ്സ് ബ്രേയിക്ക് കൂടി കൺഡോൺ ചെയ്യണമെന്നുള്ളത്. രണ്ടുകൊല്ലത്തെ സർവീസ് ബ്രേയിക്ക് ഇപ്പോഴേ കൺഡോൺ ചെയ്യുന്നുണ്ട്. അതിനുപരിയായിട്ടായിരിക്കണം സ്ററഡിപീരിയഡ് കൂടി കൺഡോൺ ചെയ്യാവുന്ന ബ്രേയിക്കായി പരിഗണിക്കുന്നത്. അതിന്റെ യുക്തി ഇതാണ്. ബി.ഏ. യും ബി. എസ്സ്. സിയും പാസ്സായിട്ട് കോളേജ് സർവീസിൽ ചേർന്ന അധ്യാപകരുണ്ട്. അവർ രണ്ടു കൊല്ലം പഠിച്ചു പോസ്റ്റ് ഗ്രാജുവേററ് ബിരുദം സമ്പാദിക്കുന്നു. ബിരുദം കിട്ടിയ ഉടനെ ജോലി കിട്ടിക്കൊള്ളണമെന്നില്ലല്ലോ. രണ്ടുകൊല്ലത്തെ ഉപരിപഠനകാലവും ജോലി തേടിയലഞ്ഞകാലവും അവരെ സംബന്ധിച്ച് ബ്രേയിക്കാണ്. ചിലർക്ക് കോളേജ് മാനേജ്മെൻറുകൾ സ്ററഡിലീവാനുകൂല്യം നൽകിയിരിക്കും; ചിലർക്ക് പഠിച്ചുവന്നാൽ ഉടൻ ജോലി നൽകിയെന്നുമിരിക്കും. അതൊക്കെ തണ്ടും പിൻബലവും ഉള്ളവരുടെ കാര്യമാണ്. ഇനിയുമുണ്ട്; മൂന്നാം ക്ലാസ് ബിരുദം നേടിയ പോസ്ററ് ഗ്രാജുവേററുകാർ ഡിപ്ളോമയെടുക്കാൻ വേണ്ടി സർവീസ് വിട്ടെന്നിരിക്കാം. അവർക്കും തിരിച്ചു വന്ന ഉടൻ ജോലികിട്ടിയിരിക്കണമെന്നില്ല. ഈ എല്ലാവിഭാഗങ്ങളോടും നീതി ചെയ്യാനായി ഇപ്പോൾ നോൺകാഡർ തസ്തികക്കാര്യത്തിൽ കൺഡോൺ ചെയ്യുന്ന രണ്ടു കൊല്ലത്തെ സർവീസ് ബ്രേയിക്കിനുപരി സ്ററഡിപീരിയഡ് കൂടി കൺഡോൺ ചെയ്യണം. ഗവർമെൻറിന് ഇതുകൊണ്ട് വളരെ വലിയ ഭാരം ഉണ്ടാകാനില്ല. എന്നാൽ, തങ്ങൾക്ക് പഠിക്കാൻ പോയതുകൊണ്ട് നഷ്ടം പററി എന്ന അധ്യാപകരുടെ ഖേദം ഇതുകൊണ്ട് തീർക്കാനാവും.

## സ്റ്റേററിനു പുറത്തെ സർവ്വീസ്

നോൺ കാഡർ പ്രകരണത്തിൽ പരിശോധിക്കേണ്ട ഒരു കാര്യമാണ്, കേരള സ്റ്റേററിന് പുറത്തുള്ള കൊളീജിയററ് സർവീസ് നോൺ കാഡർ പ്രൊമോഷന് പരിഗണിക്കുന്ന കാര്യം. കേരളത്തിൽ എക്കാലത്തും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിരുന്നിട്ടുണ്ട്. ആ നിലയിൽ, പോസ്റ്റ് ഗ്രാജുവേററ് ബിരുദധാരികൾ അന്യസ്റ്റേററുകളിൽ ജോലിനേടുകയെന്നതും കേരളത്തിൽ ഒരവസരം കിട്ടുമ്പോൾ തിരിച്ചുവരികയെന്നതും ഉണ്ടാവുന്നത് സ്വാഭാവികം മാത്രമാണല്ലോ. കേരളത്തിന് പുറത്തുള്ള സർവീസ്, കാഡർ പ്രമോഷന് എക്കാലത്തും പരിഗണിക്കപ്പെട്ടിട്ടുണ്ട്. നോൺ കാഡർ പ്രമോഷനും അതു പരിഗണിക്കപ്പെടണം. ഒന്നിച്ചിരിക്കുന്നവരിൽ ചിലർ പെട്ടെന്ന് ഉയർന്നു പോകുകയും തങ്ങൾ കേരളത്തിന് പുറത്താണ് ജോലി ചെയ്തതെന്നുള്ളതുകൊണ്ട് അവഗണിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളത് എത്രയുമേറെ മനശ്ശല്യകരമാകുന്നു. നാം അഖണ്ഡ ഇന്ത്യയെപ്പററി ഊററം കൊള്ളുന്നവരാണല്ലോ. കേരളമല്ലാത്ത സ്റ്റേയിററുകളും ഇന്ത്യയല്ലയോ ?

ഇതിൽ എടുത്തുപറയേണ്ട ഒരു കാര്യം കൂടിയുണ്ട്. മുമ്പ് കേരളത്തിലെ ഉത്തരഭാഗമായ പണ്ടത്തെ മലബാർ പ്രദേശം മദിരാശിസ്റ്റേററിന്റെ ഭാഗമായിരുന്നു. മദിരാശി സ്റ്റേററിൽ ജോലിചെയ്ത അനേകം കേരളീയരുണ്ട്. മദിരാശിയിൽ നിന്ന് കേരളസർവീസിലേക്കു വന്ന ഉദ്യോഗസ്ഥൻമാരുടെ മദ്രാസ് സർവീസ്, പ്രൊമോഷനും മററും പരിഗണിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, കേരളത്തിലേക്ക് വന്ന കോളേജധ്യാപകരുടെ മദിരാശിസർവീസ് നോൺ കാഡർ പ്രൊമോഷന് പരിഗണിക്കപ്പെട്ടില്ല. മദിരാശിയിലെ ഗവർമെണ്ടു കോളേജുകളിൽ പഠിപ്പിച്ചവർക്ക് പോലും ആ സർവീസിന്റെ ആനുകൂല്യം നോൺ കാഡർ പ്രൊമോഷൻ കാര്യത്തിൽ ലഭിച്ചില്ല. ഇപ്പോൾ നോൺ കാഡർ ഫസ്റ്റ് ഗ്രേഡ് അനുവദിച്ചിരിക്കയാണ്. സംസ്ഥാന പുന:സംഘടന കഴിഞ്ഞിട്ടു ഇപ്പോൾ കൊല്ലം ഇരുപതിലധികമാകയാൽ പുന:സംഘടനയ്ക്കു മുമ്പത്തെ മദിരാശി സർവീസിന്റെ പ്രശ്നം ഇന്നില്ല. ഇന്നുള്ളത് ഇന്ത്യയിലെ അനേകം സ്റ്റാററ്യൂട്ടറി യൂണിവേഴ്സിററികളിലും ജോലിചെയ്തു സർവീസുണ്ടായ ശേഷം കേരളത്തിലേക്ക് വന്നവരുടെ കാര്യമാണ്. ഗവർമെണ്ട് അനുഭാവപൂർവം ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്.

## സ്കൂൾ സർവ്വീസ്

നോൺകാഡർ ഫസ്ററ് ഗ്രേഡുമായി ബന്ധപ്പെട്ടുതന്നെയാണ് ഈ പ്രശ്നവും ഉയർന്നു വരുന്നത്. 1958 ഏപ്രിൽ 1 നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച കോളേജധ്യാപകർക്ക് 60 വയസ്സുവരെ സർവ്വീസിൽ തുടരാമെന്ന് പെൻഷൻ സ്റ്റാററ്യൂട്ടിൽ വ്യവസ്ഥചെയ്യപ്പെട്ടു. പിന്നീട്, ആ ആനുകൂല്യം പ്രസ്തുത തീയതിക്കുമുമ്പ് സ്കൂൾ സർവ്വീസിൽ ഇരുന്ന്, പിന്നീട് കോളേജിലേക്കുവന്നവർക്കും നൽകപ്പെട്ടു. ഗവർമ്മെണ്ട് സ്കൂൾ സർവീസിന് കോളേജ് തലത്തിലും പരിഗണന നൽകുന്നു എന്നാണല്ലോ ഇതിന്നർത്ഥം. ശമ്പളപരിഷ്കാരത്തിന്റെ വേളയിൽ വെയിറേറജിനും കോളേജധ്യാപകരുടെ സ്കൂൾ സർവീസ് പരിഗണിച്ചിട്ടുണ്ട് 1973 ശമ്പളപരിഷ്ക്കാരത്തിൽ അതുണ്ടായി. ഇനിവേണ്ടത്, നോൺകാഡർ പ്രൊമോഷൻ കാര്യത്തിലും സ്കൂൾ സർവീസിന് ഒരു വെയിറേറജ് നൽകുക എന്നതാണ്. സ്കൂൾ സർവ്വീസ് അതിന്റെ മുഴുവൻ കാലദൈർഘ്യത്തോടെ നോൺ കാഡർ പ്രൊമോഷന് പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നില്ല. ഹൈസ്കൂൾ അസിസ്ററൻറുമാർക്ക് സ്പെഷ്യൽ ഗ്രേഡ് അനുവദിക്കുമ്പോൾ പ്രൈമറി സ്കൂൾ സർവീസ് പരിഗണിക്കുന്നുണ്ട്. അതെങ്ങനെയെന്നാൽ, 20 കൊല്ലത്തെ സർവീസ് സ്പെഷൻ ഗ്രേഡ് ഹൈസ്കൂൾ അസിസ്ററൻറിനു നൽകുന്നു; പ്രൈമറി സർവീസ് കൂടിപരിഗണിച്ചിട്ടാണെങ്കിൽ 30 കൊല്ലത്തെ സർവീസിന് സ്പെഷ്യൽ ഗ്രേഡ് നൽകുന്നു. പത്തും പതിനഞ്ചും ഇരുപതും കൊല്ലം സ്കൂളുകളിൽ പഠിപ്പിച്ചശേഷം കോളേജുകളിൽ നിയമനം കിട്ടിവരുന്ന കോളേജധ്യാപകർക്ക് യാതൊരു നിലക്കും ഒരു ഫസ്ററ് ഗ്രേഡ് നോൺകാഡറിൽ എത്താൻ അവസരമുണ്ടാവുകയില്ല. രണ്ടുകൊല്ലത്തെ സ്കൂൾ സർവീസിന് ഒരു കൊല്ലത്തെ കോളീജിയററ് സർവീസ് എന്നുകണക്കാക്കിയിട്ടായാൽ സ്കൂൾ സർവീസുള്ള പല കോളേജധ്യാപകർക്കും ആനുകൂല്യംലഭിക്കും. ഇതിടലക്കും ഗവർമ്മെണ്ടിന്റെ ശ്രദ്ധ ഉടൻ പതിയേണ്ടിയിരിക്കുന്നു.

(ശേഷം 26–ാം പേജിൽ)

# ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കുക യൂണിവേഴ്സിററി കരിനിയമം പിൻവലിക്കുക നോൺകേഡർ ഫസ്ററ് ഗ്രേഡിനുള്ള സ്ക്രീനിംഗ് എടുത്തുകളയുക

## മാർ: 14 ന് സെക്രട്ടേറിയററ്പടിക്കൽ കൂട്ടധർണ

എ. കെ. പി. സി. ടി. എ–എ.കെ.ജി. സി. ടി. പ്രവർത്തകസമിതി അംഗങ്ങളും, തിരുവനന്തപുരം–കൊല്ലം ജില്ലയിലെ അധ്യാപകരും പങ്കെടുത്ത വമ്പിച്ച കൂട്ടധർണ മാർച്ച് 14 ന് സെക്രട്ടറിയേററുപടിക്കൽ നടന്നു. കഴിഞ്ഞ സമരത്തിലുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കി കിട്ടുന്നതുവരെ സമരം തുടരുന്നതാണെന്ന് ധർണ ഉത്ഘാടനം ചെയ്തുകൊണ്ട് സംയുക്ത സമരസമിതി ചെയർമാൻ പ്രൊഫ. ആർ. ആർ. സി. നായർ പറഞ്ഞു.

---

# പ്രവൃത്തി സമ്പന്നമായ മാസങ്ങൾ

നമ്മുടെ ജേർണലിന്റെ കഴിഞ്ഞ രണ്ടു ലക്കങ്ങൾ പ്രസിദ്ധീകരിച്ചില്ല. അതിനുപകരം കൺവെൻഷൻ സ്പെഷ്യൽ പ്രസിദ്ധീകരിച്ചു. ഒരു പ്രസിദ്ധീകരണമെന്നനിലക്ക് അഴകും സാമ്പത്തികമായി നേട്ടവും ഉള്ള ഒന്നാണ് കൊല്ലം കൺവെൻഷൻ സ്പെഷ്യൽ. അതിന്റെ കോപ്പികൾ അസോസിയേഷൻ അംഗങ്ങൾക്ക് 10 ക വിലയ്ക്ക് നൽകുന്നതാണ്.

കൊല്ലം കൺവെൻഷൻ അസോസിയേഷന്റെ ചരിത്രത്തിൽതന്നെ എന്നൊന്നും ഓർമ്മിയ്ക്കപ്പെടാവുന്ന ഒരു മഹാസംഭവമാണ്. പല പ്രാതികൂല്യങ്ങൾ ഉണ്ടായിട്ടും കൺവെൻഷൻ ഒരു വിജയമായി. കൊല്ലത്തെ നമ്മുടെ സുഹൃത്തുക്കൾ കൺവെൻഷനുവേണ്ടിചെയ്ത പ്രവർത്തനം കൃതജ്ഞതയോടെമാത്രം സ്മരിക്കപ്പെടേണ്ടതാണ്. കൺവെൻഷൻ സ്പെഷ്യലിനുവേണ്ടി ലേഖനങ്ങൾ എഴുതിതന്നവരും പരസ്യം ശേഖരിച്ചുതന്ന സുഹൃത്തുക്കളും അഭിനന്ദനം അർഹിക്കുന്നു. കൊല്ലം കൺവെൻഷനുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച എല്ലാസുഹൃത്തുക്കളേയും എ.കെ പി.സി.ടി.എ.യ്ക്കുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

കഴിഞ്ഞ ചില മാസങ്ങളിൽ വമ്പിച്ച ഒരു സമരപ്രസ്ഥാനം വളർത്തിയെടുക്കാനായി അസോസിയേഷന്റെ പ്രവർത്തകർ നിരന്തരമായ കഠിന പ്രയത്നം നടത്തിയ ഒരു കാലയളവെന്ന നിലയിൽ സ്മരണീയമാണ്. എന്തെല്ലാം ചെയ്തില്ലനമ്മൾ. നിരന്തരമായ പ്രവർത്തനം; പ്രക്ഷോഭണത്തിന്റെ അനേകം മുഖങ്ങൾ നാം തുറക്കുകയുണ്ടായി. എ.കെ പി. സി.ടി.എ. അംഗങ്ങൾ അവരുടെ സമയവും ധനവും നിർല്ലോഭം അതിലേക്ക് വിനിയോഗിച്ചു. കലർപ്പററതല്ലെങ്കിലും സാരമായ നേട്ടങ്ങൾ നമുക്കുണ്ടായി. 1982–83 അസോസിയേഷൻ വർഷം പ്രവർത്തി സമ്പന്നമായ ഒരുകാലഘട്ടമാണ്. ഇനിയങ്ങോട്ടുള്ള നമ്മുടെ പ്രയാണത്തിൽ ഈ കാലത്തിന്റെ സ്മരണ നമ്മെ അതിമാത്രം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കും. ഇത് നമുക്ക് വലിയ അഭിമാനമാണ്. ഇതു നമ്മുടെ പ്രവർത്തനക്കഴിവിനെ ഉത്തരോത്തരം വർദ്ധിപ്പിക്കട്ടെ.

ജേർണലിൽ ഒരു ചർച്ച

# ആട്ടോണമസ് കോളേജുകൾ

ആട്ടോണമസ് കോളേജുകൾ അടുത്ത വർഷം കേരളത്തിൽ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലുണ്ടെന്ന് വിദ്യാഭ്യാസമന്ത്രി പ്രസ്താവിച്ചിരിക്കയാണല്ലോ. ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിയ്ക്ക് ഇത് സഹായകമാണോ ? ജേർണലിൽ ഒരു തുറന്ന ചർച്ച ആരംഭിക്കുകയാണ്.

പതിമൂന്ന് ആട്ടോണമസ് കോളേജുകൾ തമിഴ്നാട്ടിലുണ്ട്. എല്ലാം സ്വകാര്യ മേഖലയിലാണ്. ഇവയുടെ പ്രവർത്തനം തീർച്ചയായും ഈ സന്ദർഭത്തിൽ നമുക്ക് അനുഭവപാഠമായിത്തീരും. തമിഴ്നാട്ടിലെ അസോസിയേഷൻ ഒഫ് യൂണിവേഴ്സിററി ടീച്ചേഴ്സ് (AUT) ഈയിടെ കോയമ്പത്തൂരിൽ ആട്ടോണമസ് കോളേജുകളെക്കുറിച്ച് പ്രത്യേക സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ആ സെമിനാറിലെ പ്രധാന പ്രബന്ധങ്ങൾ ഇതോടൊന്നിച്ചു കൊടുത്തിട്ടുണ്ട്. ജേർണലിന്റെ തുടർന്നുള്ള ലക്കങ്ങളിൽ നടക്കുന്ന ചർച്ചകൾക്ക് ഈ പ്രബന്ധങ്ങൾ ഏറെ സഹായകമാകും. ചർച്ചയിൽ പങ്കെടുക്കുന്നവർ ലേഖനങ്ങൾ ചീഫ് എഡിററുടെ പേർക്ക് അയക്കുക.

— എഡിററർ

# CONVENTION ON COLLEGE AUTONOMY

**Sponsored by Association of University Teachers, Tamilnadu**

**23-1 83** **GEETHA HALL** **Coimbatore**

**An Experiment of College Autonomy with Special Reference to P.S.G.College of Arts and Science, Coimbatore**

## Objectives of Autonomy

There are two approaches to the question of objectives of autonomy. One is the approach of Kothari Committee and the other is a set of specific objectives mentioned in the booklet "AIMS, OBJETIVES AND ORGANISATIONAL PLANS FOR AUTONOMOUS STATUS" brought out by the P. S. G. College of Arts and Sciencc on the eve of getting autonomy.

### I. KOTHARI COMMITTEE APPROACH

Kothari Committee, which pleaded autonomy for the Colleges, considered it necessary to bring about fundamental changes in the nature of functions of the Colleges. At present in the system of affiliated Colleges, the Colleges has little initiative and cannot bring about changes in the academic policies, cannot introduce any innovation either in the syllabus or in the methods of evaluation.

### II. TEACHER CENTERED APPORACH

The concept of autonomy is an innovation. It tries to liberate the

teachers from the monotony of routine and the tyranny of institutional rigidities and bureaucracy. It is an experiment in which the teacher is the Kingpin and will succeed only when this is recognised. In other words in the context where the teachers at the grass root level are not consulted, or do not feel involved in the experiment the autonomy is bound to fail If the teachers are frustrated and humiliated its failure may be taken for granted.

Autonomy visualises a teacher centered approach. which Is necessary to solve the problems of higher education. It envisages that the responsibiliy of teachers does not cease with his class-room instruction, for he is expected to follow very closely the progress and attainment made by the students from the beginning to the end.

The teacher is made the kingpin in this set up and his participation is total, Needless to say that such total involvement of the teacher will be forthcoming when the teachers are respected.

The AUT unit of PSG CAS points out that this College has failed to make use of the autonomy for the purpose for which it has been conferred. One should have expected that top priority is to be given to the problems of evaluation with, special reference to the skill formation appropriateness of the tools of evaluation. the time required to answer various types of questions, and the various methods of classification of the attainments of students.

But the PSG CAS does not recognise the importance of reforming the techniques of evaluation There is not even a seminar or group discussion among the teachers regarding the need to reorganise the method of evaluation, and mode of classification.

One wonders what is the purpose of autonomy if it does not bring about a fundamental change in the system of **examination.**

## CAMPUS-PEACE:

Autonomy is expected to bring campus peace and pave way for academic advancement But in PSGCAS the campus peace has been spoiled on account of the style of functioning of the college after autonomy. Harmony and understanding are successfully replaced by hatred and mutual suspicion. Both students and staff members consider that college autonomy has been responsible for this sorry state of affairs.

## II. OBJECTIVES-COLLEGE APPROACH

The college has listed in the booklet 'AIMS' etc. about 20 specific statements as the objectives of the college autonomy. Thes statements may be reclassified unde three different headings namely,

(1) General Objectives that are common to all educational institutions, insisting on the development of personality and histerionic talents. In this category there are six specific statements mentioned in the list of objectives. Secondly, there are three objectives that are not specific and vague in nature. Thirdly there are eleven specific objectives which focus attention on modernising the curriculam. For a critical appraisal, only these eleven statements may be taken into account. The analysis may be made in terms of (a) modernisation of the syllabus, (b)self-learning and tutorials. (c)promotion of research, (d) evaluation, and (e) practical training or work experience.

## a MODERNISATION OF SYLLABUSES:

The following three statements are specifically stressing the need for continuous improvement in the syllabuses for various courses of study under autonomy:

(i) 'Restructuring, moldifyng updating the syllaby and curricula on the relevance, diversification and modernisation to meet emerging needs and to reflect current devolopments'

(ii) 'Reforming the curricula to include Project work and to provide learning situations which call for innovation thinking and problem solving' and

(iii) 'Providing for the continual review and development of the curricula'

One comprehensive statement instead of three differnt statements would have been sufficient to bring home the point on modernising the syllabus continuously.

The syllabuses for various courses were prepared with great care and enthusiasm but even before they were put into practice some of them were either dropped, diluted or modified If the term modernisation is used to mean an inclusion of a few chapter titles in the syllabus for each course of study, then, PSG CAS can in all probability be consirdered to have modernised the syllabuses. However it does not guarantee whethe all the portions mentioned in the syllabuses are actually covered during the course of the semesters or not.

The second statement insists on the inclusion of Project Work for all students. Again project work has been stressed for both undergraduate and postgraduate courses under the caption curricula. strategy. (Page 3-5 in the booklet AIMS etc). These statements would leave behind an impression that every student successfully coming out of PSG CAS is intensively trained in terms of various practical and analytical skills on account of project work. But one will be surprised to know that THERE IS NO PROJECT WORK FOR ANY OF THE UNDERGRADUATE COURSES OF STUDY. Further, PROJECT WORK IS NOT COMPULSORY EVEN FOR POST-GRADUATE COURSES OF STUDY. In many departments, it has been substituted by examinable course papers. The classic example of MA Social work is worth mentioning. In this Programme, project work has been compulsory ever since this course been instituted (even before autonomoy.) But what has happened during the period of autonomy is that project work for MA Social work students has been made optional. Thus what has been compulsory before autonomy has been made optional under autonomy. Does it not prove that the statement of objective has no bearing on practice ?

b) SELF LEARNING AND TUTORIALS :

There are three specific statements pertaining to the concepts of "self-learning" and tutorial schemes. They are as follows :

(iv) To orient students towards self-learning to learn"

(v) " Modernising the teaching-learning procese through improved educational methods such as seminars, tutorials panel presentations, team-teaching, and the like for better dissemination, assimilation, and applications of knowledge".

(vi) "Offering guidance, counselling and placement services to students".

There is neither systematic effort to put the students in proper groove nor

organised tutorial system, to supervise whether students are making progress in terms of self-learning and learning to learn. In the absence of any effort to assess, how is it possible to assess the progress in this respect. It is at the most a wild guess.

There used to be seminars even before autonomy. For example the Department of Economics had published series of volumes every year the papers presented by the students and staff in seminars. However after the conferment of autonomy seminars are not being conducted This may be taken as a further proof where the statements of objectives are found to be at variance with the practice.

Again one has to deny emphatically and claim in respect of provision of guidance and counselling or placement services to students.

c) PROMOTION OF RESEARCH :

On research there are two statements under the objectives of the autonomous college, namely;

(vii) To undertake research in different disciplines and also engage in inter-disciplinary research", and

(viii) "Organising research and services of value to industry and society"

Involving students in research activities has become impossible in the context of phasing out and diluting project work in most of the post graduate programmes. However research activities of the faculty members are going on as they are in the nature of personal work aimed at enhancing their qualifications.

The question of inter-disciplinary research is yet to take place till this date in PSG CAS

d) EVALUATIONS :

There are two statements on evaluation, namely ;

(ix) "Developing tool of evaluation to test and measure validly and also reliably the extent to which the objectives of the programmes have been achieved in the learners" and

(x) "Providing for faculty improvement, updating their knowledge in different fields and improving the teaching and the evaluation methods with a view to make the college achieve its goals"

The college does not make any effort to evolve or develop tools of evaluations, does not even conduct any orientation course to the faculty members on the various methods of evaluation. In short the college is yet to realise the importance of evalution techniques.

e) PRACTICAL TRAINING AND WORK EXPERIMENT

The following statement mentions about the practical training and work experience namely :

(xi) "To incorporate training and work experience as integral part of learning".

It is simply hypocratic if any one makes a claim that PSG CAS provides work experience and practical tranning to students. However there is a reliable story running current on the topic of

*work experience*. A few milch animale were purchased with a view to provids work exparience on dairy farming to the students. But later on they found that there is no major or ancillary subjects warranting such practical experience of dairy farming. In the meanwhile cows are found to be very profitable because of their yield. Therefore every one including the principal has forgotton why they have purchased these animals.

Similary there is an item called 'workshop practice' for students of Physics (Major). Here also systematic window dressing is going on regularly. It is difficult to ascertain whether the college has received any UGC grant for this purpose, but the students are not provided with any workshop practice till this date.

SUMMARY:

Thus with regard to the question whether the objectives for which autonomy was granted to the college have been achieved, the AUT unit has taken into account two different approaches, namely; the 'KOTHRI COMMITTEE APPROACH' and the 'PSGCAS APPROACH'

The college authorities are not aware of Kothari Committee Aproach. The college failed to make any systematic efforts even to realise the objectives mentioned in the booklet (AIMS etc.) published by the PAS CAS on the eve of auntonomy.

(i) At present there is no academic autonomy at the grass root level. All the teachers should be given liberty to elect the members of the various policy making bodies in the autonomous set up. There should be democratisation of all academic bodies.

(ii) The administrative autonomy is concentrated in the hands of the Principal. Neither the socalled Head of the Departments; nor the Professors carry any weight/ power to decide the administration of each Department. Each department shall be given autonomy liberated from the administrative control of the principal, and therefore autonomy shall be broad-based as far as possible.

SUMMARY:

The question of what are the areas for which futher autonomy may be considered has been discussed in this section. At present there is no academic autonomy at the grass root level. Hence democratic representation has been demanded. The need to have broad-based administrative autonomy, as to make department function autonomously is pleaded.

SECTION III DIFFICULTIES IN THE IMPLEMENTATION OF AUTONOMY

a. Academic Council:

At present the academic council is a policy making body, consisting of all nominated members. This system of nominated membersihp does not allow real academic rights of teacher.

The discussion in the academic council is stale because many of the members do not represent academic institutions but only industrial institutions. Not all the members of the academic council are teachers.

b. Boards of Studies:

The constitution of the Boards of studies does not include all the respective members of faculty. This harms the total involvement and participation at the grass root level.

There is no board of Examiners either to analyse the question paper, to prepare the scheme of valuation and to pass the results for every branch of study. The

absence of expert body like the Board of Examiners leaves much to be desired and the vacuum is naturally sought to be filled by the egoistic principal in his capacity as controller of examinations. In short, the style of conducting the semester examinations by the PSGCAS under autonomy makes one think that the University conducted semester examinations.

The idea of question bank has not been considered seriously. In case the system of question Bank has to be introduced, the Board of Examiners shall be the competent body to approve the questions framed under the Question Bank.

ADMINISTRATION:

COLLEGE COMMITTEE:

The autonomous College has its own organisational structure. This organisation constituted under the College autonomy overshadow the functioning of the statutory body like college committee. There is a deliberate attempt to make this committee remain a defunct body for obvious reasons. One may doubt whether college autonomy is an alibi to flout statutory provisions of the Tamil Nadu Private Colleges (Regulations) Act, 1976

In this college the powers and functions of the College Cemmittee are discharged by the Governing Council under the frame work of autonomy. All the members of Governing Council are nominated and the inclusion of two senior most professors in the council enables it to supercede the statutory body like college committee. Further the Governing Council consists of more members than of the College Committee. It is not uncommon to find that either Chairman of the Governing Coucil or its Secretary usurping the powers of the College Committe as if the later has given the power of attorney to one or two individuals. Sometimes the eligible members of the College Committee do not know whether they are discussing certain issues (if there is any discussion) in the capacity of a member of College Committee or Governing Council. Deliberately one and the same meeting is accorded as the deliberations of the College Committee on the one hand and those of Governing Council on the other. This creates inevitable confusion in the minds of the so called members regarding basic frame work of the organisational structure under which they happen to function. As unauthorised members are allowed to participate in the proceeding of the College Committee in the guise of the members of Governing Council, the proceedings of the Committee are vitiatated.

The deviation between the precept and practice as far as College autonomy is concerned, will take the shape of a premium on administrative arrogance discrediting academic excellence.

At present the principal is also the controller of examianations besides functioning as the Chief Superintent for conducting examinations.

The attention of the Principal is dissipated because of the Evening College. The academic side, and development of the autonomous cellege suffers on account of this factor. In case evening college has to be conducted consequent on social necessity, the entire faculy including the Principal for evening college should be drawn from outside on part time basis.

One individual acting as Principal, Secretary of the College, Controller of Examinations, Chief Superintendent of Examinations, Principal in Evening College, and usurping the functions of board of examiners is not healthy nor

(Continued on Page 21)

# CONVENTION ON COLLEGE AUTONOMY SPONSORED BY ASSOCIATION OF UNIVERSITY TEACHERS, Tamil Nadu

23-1-1983 GEETHA HALL COIMBATORE

## AUTONOMY EXPERIMENT – MADURA COLLEGE EXPERIENCE

The experience of Madura College and its teachers under autonomy has been a bitter one. A large majority of teachers have now realized that the experiment has had the only consequence of strengthening the hands of the management. An average teacher has no real say even in academic matters, whatever might be the loud claims of the protagonists.

### HISTORY

When autonomy proposals were sent by the College to the U G C and the Government in 1977-78, the teachers were not *at* all consulted and no meaningful discussion was ever attempted, whether at the level of each Department or at the College level. The teachers were merely told, as if that would be sufficient, that no teacher will be affected consequent on the abolition of the Pre-University course, provided autonomy was introduced in the meanwhile. The younger members were thus silenced. A false euphoria was created in everybody's mind. The State Government, the U G. C and the University considered the College eminently qualified because of its long existence (94 Years), and that it must be granted the honour.

### BEGINNING OF FRUSTRATION

The teachers had their first taste of frustration when the Academic Council and Board of Studies were constituted in July 1978. In utter disregard of the essence of the philosophy of College Autonomy, the Heads and one or two next senior most teachers alone were appointed to the Academic Council and Boards of Studies. The Heads are permanent members but the others hold office for two years. The reason adduced for keeping the bodies so selective and closed to all but a few, was that the bodies would otherwise become unwieldy. The claim that Autonomy confers powers on the staff to frame and upgrade syllabus and to introduce innovations in education now turned to be simply illusory and false. It confers powers on a few to rule!

It took a few years for the Administration to see reason and to grant membership of the Board of Studies to all teachers of the faculty. The Academic Council was of course a House to which entry was barred to the generality of teachers for full four years. The sustained efforts of MUTA Unit, especially in Jan-April 1982, to secure the elementary right bore fruit finally, when the President of MUTA Unit, a Head of tha Department and so a permanent member, managed to have a Resolution passed to the effect that all teachers of the college SHALL be regular members of the Council. There ensued a pernicious corollary that at the

same time, all the Members of the Madura College Board (some 64 in number), shall also become members of the Academic Council.

Such an expanded council has not met so far; seven months have elapsed this year; many urgent issues are there to be taken up; and it should meet once every Semester. It is obvious that they fear fo face the teachers' forceful voice.

SLASHING OF THE LANGUAGE HOURS;

The teachers were given their first shock in the very first month of the years 1978-79, when the Academic Council decided to allot only 4 hours (instead of 6) to the languages under Parts I and II, each, per week, in the case of B. Sc. though 6 hours were retained for B. A. Course. Much dislocation in respect of language departments, invovling redeployment etc., was caused by this undemocratic decision, taken without consulting the rank and file of the staff. Such of the havoc caused could have been avoided, had only all teachers been Members of the academic bodies from the inception.

DOUBLE-MAJOR SYSTEM:

The Two-Major B. Sc. course has been claimed as a great innovation, a brain-child of the genius of the powerfull lobby, that advances peculiar defence for the same ! The graduates from such B. Sc course could not apply for various professional/ P. G / B Ed./ and similar courses, their only hope being the M. Sc. courses offered in Madura College. On realizing how they have been fooled into a false faith, students launched an agitation demanding instruction in a third subject, as Ancillary. This was, in principle, promised by the College in July 1981, and yet nothing has been done till date. So the teachers themselves took up the case and sought to revert back to Single-Major-Two Ancillary B. Sc. courses, by appropriate motion in the Academic Council. The decision has not yet been implemented. Set after set of students are made guineapigs in the experiments of academic novices.

FUNCTIONING OF THE BOARD OF STUDIES:

The Board of Studies is a most vital unit of an autonomous college It has to frame the syllabus, determine the pattern of question papers, recommend the panel of examiners, keep a check on the examination machinery and so on The Board of studies in Madura College will normally be convened, in great hurry, some time in April, often at short notice, without proper agenda, or proposals. Unless it meets immediately after the Principal sends a not to the Head of the Department, then its decisions may not be placed on the floor of the imminent Academic Council Meeting. In this slipshod fashion of academic procedure, the external member may even absent himself at the meeting; ever otherwise, minutes may be prepared in his absence and sent to him for his signature ! Often a still-born syllabus or proposal would be 'approved' in the Board meeting in anticipation, that is,after passing it technically' the teachers will break their heads to draft it and spell out details. So also discussion will be totally absent at these Board meetings. The head may copy a syllabus from somewhere else and have it passed, without its feasibility or scope or Text-Book availability being ever discussed. Any problem cropping up because of this half-baked technique will also be solved by similar pideemeal device, like plugging a hole now and then. Last year a book prescribed was not available, large pro-

